# മാവേലിയുടെ സമ്മാനം

• സഫുവാൻ അഹമ്മദ്



ഓടുമേഞ്ഞ ചെറിയ വീടിന്റെ ഉമ്മറക്കോലായിൽ തളം കെട്ടിക്കിടക്കുന്ന മഴവെള്ളത്തിലേക്ക് നോക്കി ഗോപു ഇരുന്നു. നാളെക്കഴിഞ്ഞ് മറ്റന്നാൾ തിരുവോണമാണ്. എല്ലായിടത്തും തിരുവോണ നാളിനെ വരവേൽക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു.

ഓണത്തോടനുബന്ധിച്ചുള്ള വിലക്കിഴിവുകളും കണ്ണഞ്ചിപ്പിക്കുന്ന ഓണക്കോടികളുടെ പരസ്യങ്ങളും വൈവിധ്യമാർന്ന ചാനൽവിരുന്നുകളുടെ അറിയിപ്പുകളും ചുറ്റുപാടുമുള്ള കോൺക്രീറ്റ് മേഞ്ഞ മാളികവീടുകളിലെ ടെലിവിഷനുകളിൽനിന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നത് കേട്ടപ്പോൾ ഗോപുവിന് സങ്കടം വന്നു.

തനിക്കിതുവരെയും ഓണക്കോടി വാങ്ങിയിട്ടില്ല. തിരിമുറിയാത്ത മഴ കാരണം അമ്മക്ക് നാളുകളേറെയായി പണിയില്ല. കൈയിലുണ്ടായിരുന്ന തുച്ഛമായ പണം കൊണ്ടാണ് വീടിന്റെ ചോർച്ച മാറ്റിയതും തനിക്ക് യൂണിഫോമും നോട്ടുബുക്കുകളുമൊക്കെ വാങ്ങിയതും. അതിനിടക്ക് അമ്മയുടെ വിട്ടുമാറാത്ത പനി കാരണം മരുന്നിനും മറ്റുമായി പലരിൽനിന്നും കടം വാങ്ങിയതു തന്നെ തിരിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ല. എങ്കിലും തിരുവോണനാളിൽ ഗോപുവിന് പുത്തനുടുപ്പും സദ്യയും പായസവും ഒരു

▸▸ സൂര്യപ്രകാശത്തിന് ഏഴ് ഘടക വർണങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയത്– ഐസക് ന്യൂട്ടൺ

## വിശപ്പിന് സ്വന്തം ശരീരം

‘ലാഷിയസ് നൈഗർ’ എന്ന ഉറുമ്പുവർഗ്ഗക്കാരാണിവർ. മുട്ട വിരിഞ്ഞ് പുറത്തു വരുമ്പോൾ ചിറകുകളുണ്ടാവും. സ്വന്തം ചിറകിലെ പേശികളാണ് അതിന്റെ ആഹാരം. ഈ റാണിയിടുന്ന മുട്ടകൾ വിരിഞ്ഞ് ജോലിക്കാരി ഉറുമ്പുകൾ പുറത്തു വരും. പിന്നെ ചിറകില്ലെന്നു കരുതി പേടിക്കാനില്ല. വേലക്കാരികൾ റാണിക്കു വേണ്ട ആഹാരം എത്തിച്ചുകൊടുക്കും.



ക്കാൻ വേണ്ടി ആരിൽനിന്നെങ്കിലും വല്ല സഹായവും കിട്ടുമോയെന്ന് പ്രതീക്ഷിച്ച് രാവിലെ ഇറങ്ങിത്തിരിച്ചതാണ് അമ്മ.

തന്നെ വളർത്താൻ അമ്മ വല്ലാതെ കഷ്ടപ്പെടുന്നുണ്ടെന്നോർത്തപ്പോൾ ഗോപുവിന്റെ മനസ്സ് വിങ്ങിപ്പൊട്ടി. തന്റെ അച്ഛൻ ജീവിച്ചിരുന്നെങ്കിൽ അമ്മക്ക് ഒരിക്കലും ഈ ഗതി വരില്ലായിരുന്നു!

സമയം സന്ധ്യയോടടുത്തു. ക്ഷീണിതയായി തിരിച്ചു വരുന്ന അമ്മക്കരികിലേക്ക് ഗോപു ആവേശത്തോടെ ഓടിച്ചെന്നു. അമ്മയുടെ കൈയിൽ ഒരു ചെറിയ പ്ലാസ്റ്റിക് സഞ്ചി മാത്രമാണുണ്ടായിരുന്നത്. അമ്മയുടെ നിരാശ പൂണ്ട കണ്ണുകളിൽ കണ്ണീർ തുള്ളികൾ ഉരുണ്ടുകൂടി നിന്നിരുന്നു.

ആരോ വെച്ചു നീട്ടിയ രണ്ടുനാഴി അരിയും അൽപം പച്ചക്കറികളുമടങ്ങുന്ന പ്ലാസ്റ്റിക് സഞ്ചി അമ്മ ഗോപുവിന് നേരെ നീട്ടി. അമ്മ കരയുകയായിരുന്നു. ‘‘ഗോപുവിന് സദ്യ മതിയമ്മേ, ഓണക്കോടി വേണ്ട!’’ അവൻ അമ്മയെ വാരിപ്പുണർന്നു.

ഉത്രാടപ്പാച്ചിലിന്റെ തിരക്കുകളിലേക്ക് പ്രഭാതസൂര്യൻ ഉദിച്ചുയർന്നു. അയൽപ്പക്കത്തെ വീടുകളിലെ ടെലിവിഷനുകളിൽ നിന്നും പൂവിളികൾ ഉയർന്നുകൊണ്ടിരുന്നു. ടെലിവിഷൻ സ്ക്രീനുകളിലും മൊബൈൽ ഫോണിലും ചുരുങ്ങിപ്പോകുന്നു എല്ലാവരുടെയും ഓണം. അമ്മ പറഞ്ഞ് കേട്ട സ്നേഹബന്ധങ്ങളില്ല. കൊണ്ടും കൊടുത്തുമുള്ള വിശാലമനസ്കതയില്ല. ഫേസ്ബുക്കുകളിലും വാട്സാപ്പിലും മുഖം പൂഴ്ത്തിയിരിക്കുന്നവർക്ക് സഹജീവികളുടെ ദൈന്യത തിരിച്ചറിയാനാവുന്നില്ല.

ഗോപു ഉമ്മറക്കോലായിൽ ദൂരേക്ക് കണ്ണും നട്ടിരിക്കവെ ഒരു ചെണ്ടമേളം അടുത്തുവരുന്നതായി കേട്ടു. ഗോപു മുറ്റത്തിറങ്ങി നോക്കി. സാക്ഷാൽ മാവേലി! ഗോപുവിന്റെ മുഖം അൽഭുതംകൊണ്ട് വിടർന്നു. കൂടെ പരിവാരങ്ങളുമുണ്ട്. മാവേലിയും പരിവാരങ്ങളും ഗോപുവിന്റെ വീട്ടുമുറ്റത്തെത്തി. അവൻ അമ്മയെ അകത്തേക്ക് നീട്ടിവിളിച്ചു. ഉമ്മറത്തേക്കിറങ്ങി വന്ന അമ്മയോടും ഗോപുവിനോടും അവർ കുശലം പറഞ്ഞു.

മാവേലി ഗോപുവിനും അമ്മക്കും പുത്തൻ ഓണക്കോടി സമ്മാനിച്ചു. സന്തോഷംകൊണ്ട് ഗോപു തുള്ളിച്ചാടി. പ്രദേശത്തെ ഒരു സന്നദ്ധസംഘടനാ പ്രവർത്തകരായിരുന്നു മാവേലിയായി വേഷമണിഞ്ഞ യുവാവും പരിവാരങ്ങളും. അവരുടെ നല്ല മനസ്സിന് ഗോപുവും അമ്മയും അവരോട് നന്ദി പറഞ്ഞു. പുതിയ ഓണക്കോടി ഉടുത്ത് അവർ സന്തോഷത്തോടെ തിരുവോണം ആഘോഷിച്ചു.

◆